# ഫേസ് ബുക്കിലെ കുതർക്കികളോട് ചില നബിവചനങ്ങൾ

عَنْ عَائشة رَضِيَ اللَّهُ عَنْهَا عَنِ النَّبِيِّ ﷺ قَالَ: إِنَّ أَبْغَضَ الرِّجَالِ إِلَى اللَّهِ الأَلَدُّ الْخَصِمِ (البخاري)

നബി(സ) പറഞ്ഞതായി ആഇശ(റ)യിൽ നിന്ന് നിവേദനം:
"കലമ്പൽ കൂട്ടുന്ന വാദപ്രതിവാദക്കാരനാണ് അല്ലാഹുവിന്റെ ദൃഷ്ടിയിൽ ഏറ്റവും വെറുക്കപ്പെട്ടവൻ" (ബുഖാരി).

വ്യത്യസ്ത ആശയക്കാരോടും മതവിശ്വാസികളോടും ആശയ സംവാദവും സംഭാഷണവും നടത്തണമെന്നത് വിശ്വാസികളോടുള്ള ഖുർആനിക ആഹ്വാനമാണ്. എല്ലാ കാലത്തുമെന്ന പോലെ ഇക്കാലത്തും പല രീതിയിലും അത് നടക്കുന്നുമുണ്ട്. ആശയ സംവാദവും വാദപ്രതിവാദവും രണ്ടാണ്. ഒന്നിന്റെ ലക്ഷ്യം ആശയക്കൈമാറ്റമാണെങ്കിൽ രണ്ടാമത്തേതിന്റെ ഉദ്ദേശ്യം എതിരാളിയെ തോൽപ്പിക്കലോ, എങ്ങനെയെങ്കിലും ഉത്തരം മുട്ടിക്കലോ ആണ്. സംവാദത്തിന്റെ മാന്യമായ ഭാഷയിൽനിന്ന് കുതർക്കത്തിന്റെ പരിഹാസ്യതയിലേക്ക് വഴിതെറ്റുന്നതാണ് വാദപ്രതിവാദം. അത്തരം വാദപ്രതിവാദങ്ങളിലേർപ്പെടുന്നവർ അല്ലാഹുവിന്റെ ദൃഷ്ടിയിൽ ഏറ്റവും വെറുക്കപ്പെട്ടവരാണെന്ന പാഠമാണ് ഈ പ്രവാചകവചനം പങ്കുവെക്കുന്നത്.

ഫേസ്ബുക്ക് അടക്കമുള്ള സോഷ്യൽ നെറ്റ്വർക്കിൽ മാത്രമല്ല തെരുവുകളിലും സ്റ്റേജിലും പേജിലുമെല്ലാം ഇത്തരം കുതർക്കങ്ങൾ ഉന്നയിക്കുന്ന വാദപ്രതിവാദങ്ങൾ അരങ്ങേറുന്നുണ്ട്. നേരിട്ട് സംസാരിക്കുമ്പോൾ മാന്യമായി സംസാരിക്കുന്ന വ്യക്തികളും, ആശയസംവാദത്തിന്റെ മികച്ച മാതൃക സമർപ്പിക്കുന്നവരും ഫേസ്ബുക്കിലെത്തുമ്പോൾ കുതർക്കികളായ വാദപ്രതിവാദക്കാരായി തരംതാഴുന്നത് നിത്യകാഴ്ചയായിരിക്കുന്നു. അതുകൊണ്ടാണ് അവരെ പ്രത്യേകം പരാമർശിക്കുന്ന തലക്കെട്ട് ഈ ഹദീസ് പരിചയത്തിന് നൽകിയത്. കുതർക്കികൾ അറിവുള്ളവരും സമർഥന ശേഷിയുള്ളവരുമായിരിക്കും. തങ്ങളുടെ ശരിവാദങ്ങൾ സ്ഥാപിക്കാൻ ഏതറ്റം വരെയും അവർ പോകും. റസൂൽ(സ) അത്തരം വാദപ്രതിവാദക്കാരുടെ വഴിതെറ്റിക്കലിനെ സൂക്ഷിക്കാൻ ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ട്. "ദൈവിക സന്മാർഗം ലഭിച്ചുകഴിഞ്ഞ ഒരു സമൂഹവും അവരെ വാദപ്രതിവാദക്കാർ പിഴപ്പിച്ചപ്പോളല്ലാതെ വഴിതെറ്റിപ്പോയിട്ടില്ല" (തിർമിദി).

തങ്ങളുടെ സംഘടനയെയും അതിന്റെ പ്രതിനിധിയെയും ന്യായീകരിക്കാൻ കുതർക്കികൾ എന്ത് വാദങ്ങളും നിരത്തും. മറുവശത്തുള്ളവൻ തർക്കവിഷയത്തിൽ അവഗാഹമുള്ളവനും പണ്ഡിതനുമായാൽ പോലും അവർ അദ്ദേഹത്തെ വിലവെക്കില്ല. ഒച്ചപ്പാടുകൾ കൊണ്ട് ശരികളെയും തെളിവുകളെയും അവർ മറികടക്കും. ഇത്തരമൊരു കുതർക്കി പ്രവാചകന്റെയടുത്ത് വന്നു. സംസാരിച്ചു കൊണ്ടിരിക്കെ അയാളുടെ ശബ്ദമുയർന്നു. പ്രവാചകനെ ഒച്ചയിട്ട് അടക്കിയിരുത്താനാണോ അയാളുടെ ഭാവമെന്ന് തോന്നി. അയാൾ സ്ഥലംവിട്ടപ്പോൾ നബി(സ) പറഞ്ഞു: "ഇത്തരക്കാരെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല. അയവിറക്കുന്ന പശു വൈക്കോൽ ചവക്കും പോലെയാണ് ഇക്കൂട്ടർ നാവിട്ടടിക്കുന്നത്. ഇതേ പ്രകാരം തന്നെ ഉയർത്തെഴുന്നേൽപ്പുനാളിൽ അല്ലാഹുവിന്റെ ശിക്ഷ രുചിക്കുമ്പോൾ അവരുടെ മുഖവും വായും നരകത്തീയിൽ കോടിപ്പോകും" (ത്വബ്റാനി).

സ്വഹാബികൾ ഒരിക്കൽ ഒരു മതവിഷയം ചർച്ച ചെയ്യുകയായിരുന്നു. ചർച്ച വാദപ്രതിവാദത്തിലേക്ക് വഴിമാറി. ഓരോ സ്വഹാബിയും തന്റെ ശരിവാദത്തിന് തെളിവുകൾ സമർഥിച്ച് കൊണ്ടിരുന്നു. വാദപ്രതിവാദം അതിന്റെ മൂർച്ചയിലെത്തുമ്പോഴാണ് റസൂൽ(സ) അവരിലേക്ക് വരുന്നത്. ദേഷ്യം കൊണ്ട് അദ്ദേഹത്തിന്റെ മുഖം ചുവന്നു. അത്ര ദേഷ്യത്തിൽ അതിനു മുമ്പൊരിക്കലും സ്വഹാബിമാർ റസൂലിനെ കണ്ടിട്ടില്ലെന്ന് ഈ സംഭവം റിപ്പോർട്ട് ചെയ്യുന്ന സ്വഹാബി പറയുന്നു. തർക്കത്തിലേർപ്പെട്ടവരോട് റസൂൽ(സ) പറഞ്ഞു: "മുഹമ്മദിന്റെ ഉമ്മത്തേ, നിർത്തുക. ഇത്തരം തർക്കത്താലായിരുന്നു എനിക്ക് മുമ്പുള്ള പല സമൂഹങ്ങളും നശിച്ചുപോയത്. മേലിൽ ഇത്തരം വാദപ്രതിവാദങ്ങളിൽ നിങ്ങൾ ഏർപ്പെടരുത്. ഒരു സത്യവിശ്വാസിക്ക് ചേർന്നതല്ല ഇത്. നിങ്ങളുടെ പൂർണ നാശമല്ലാതെ ഈ തർക്കം മറ്റൊന്നും നേടിത്തരില്ല. തർക്കിക്കുന്നവനായാൽ തന്നെ മതി, നിങ്ങളൊരു പാപിയായി. തർക്കക്കാരനു വേണ്ടി ശിപാർശ ചെയ്യാൻ ഉയിർത്തെഴുന്നേൽപുനാളിൽ ഞാനുണ്ടാവില്ല. ഈ ദുർഗുണം വെടിയുക. നോക്കൂ, സ്വർഗത്തിലെ മൂന്ന് ഇടങ്ങളിലേക്കാണ് ഞാൻ നിങ്ങളെ കൊണ്ടുപോവുക. സ്വർഗത്തിന്റെ നടുവിലത്തെയും താഴത്തെയും മുകളിലത്തെയും തട്ടാണത്. സദ്വിചാരത്തോടെ ഉള്ളറിഞ്ഞ് വിവാദം വേണ്ടെന്ന് വെച്ചവർക്കുള്ളതാണ് ആ മൂന്ന് നിലകളും. കുതർക്കമെന്ന ഈ ദുർഗുണം വെടിയുക. ആദ്യമായി വിഗ്രഹാരാധനയും പിന്നെ ഇത്തരം വാദപ്രതിവാദങ്ങളും എന്റെ നാഥൻ വിലക്കിയതാണെന്നോർക്കുക" (ത്വബ്റാനി).

ശരിയാണ്. പ്രലോഭനവും പ്രകോപനവും സോഷ്യൽ നെറ്റ്വർക്കിനകത്തുനിന്നും പുറത്തുനിന്നും വിശ്വാസികൾക്കുണ്ടാവും. തങ്ങൾ പ്രതിനിധീകരിക്കുന്ന സംഘടനയെ വെല്ലുവിളിക്കുകയും ഇകഴ്ത്തുകയും പരിഹസിക്കുകയും തെറ്റിദ്ധരിപ്പിക്കുകയും ചെയ്യുന്ന പോസ്റ്റുകൾ പലപ്പോഴും നമ്മെ പ്രകോപിപ്പിക്കും. മാന്യമായ മറുപടിക്കപ്പുറം നമ്മുടെ ഒരു കമന്റ് ഉപകാരത്തിലേറെ ദോഷം ചെയ്യുന്ന വാദപ്രതിവാദത്തിലേക്ക് ആ ചർച്ചയെ വഴിതെറ്റിക്കാൻ പാടില്ല. ഇത്തരം ചർച്ചകളിൽ ഇടപെടാതെ മൗനം പാലിക്കലാണ് ഉത്തമമെങ്കിൽ അതാണ് വിശ്വാസികൾ ചെയ്യേണ്ടത്. "അർഥശൂന്യമായ പ്രവൃത്തി ചെയ്യാതിരിക്കലാണ് മെച്ചപ്പെട്ട വിശ്വാസം" (തിർമിദി) എന്ന നബിവചനം അതാണ് പഠിപ്പിക്കുന്നത്. ■